# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2023 ലെ ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.

   **President Droupadi Murmu will confer the National Water Awards 2023 in New Delhi today.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യൻ സന്ദർശനത്തിന് ഇന്ന് തുടക്കം ; 16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കും.

   **Prime Minister Narendra Modi's visit to Russia begins today; Will attend the 16th BRICS Summit.**

3. കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ നിരീക്ഷണ ക്രമീകരണങ്ങളിൽ ഇന്ത്യയും ചൈനയും ധാരണയിലെത്തിയതായി വിദേശകാര്യ മന്ത്രാലയം.

   **India and China reach an agreement on patrolling arrangements along the Line of Actual Control (LAC) in eastern Ladakh.**

4. നിയമസഭാ തിരഞ്ഞെടുപ്പിനായി മഹാരാഷ്ട്രയിൽ ഒറ്റത്തവണ വിജ്ഞാപനവും ഝാർഖണ്ഡിൽ രണ്ടാംഘട്ട വിജ്ഞാപനവും ഇന്ന്.

**Single phase notification in Maharashtra and second phase notification in Jharkhand to be issued today for assembly elections.**

5. ബംഗാൾ ഉൾക്കടലിൽ നാളെ ചുഴലിക്കാറ്റ് രൂപപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ; സ്ഥിതിഗതികൾ നേരിടാൻ ഒഡീഷ, പശ്ചിമബംഗാൾ സർക്കാരുകൾക്ക് സാധ്യമായ എല്ലാ പിന്തുണയും നൽകുമെന്ന് കേന്ദ്രം.

**The Central Meteorological Department says that a cyclone will form tomorrow in the Bay of Bengal; The Center will provide all possible support to the Odisha and West Bengal governments to deal with the situation.**

6. ഐസിസി വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് ടീമിൽ ഇടം നേടി ഇന്ത്യൻ ക്യാപ്റ്റൻ ഹർമൻ പ്രീത് കൗർ.

**Indian Women's Cricket Team skipper Harmanpreet Kaur has been named in the ICC Women's T20 World Cup 2024**

**************************************

## PREZ - NATIONAL WATER AWARD

2023 ലെ ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച സംസ്ഥാനം, ജില്ല, ഗ്രാമ പഞ്ചായത്ത്, തദ്ദേശ സ്ഥാപനം, സംഘടന എന്നിങ്ങനെ ഒമ്പത് വിഭാഗങ്ങളിലായി 38 വിജയികൾക്കാണ് പുരസ്കാരം നൽകുന്നത്. മികച്ച സംസ്ഥാനം എന്ന വിഭാഗത്തിൽ ഒഡീഷയും ഉത്തർപ്രദേശുമാണ് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയത്.

**************************************

## VP - INDIAN ART

ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പൈതൃകം അതിർത്തികൾ കടന്നും ജനങ്ങളെ ഒരുമിപ്പിക്കുന്നതായി

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ന്യൂഡൽഹിയിൽ അന്താരാഷ്ട്ര നൃത്തോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ കലകൾ പ്രതീക്ഷയുടെ വെളിച്ചം പരത്തുന്നതായി ഉപരാഷ്ട്രപതി പറഞ്ഞു. രാജ്യത്തെ നൃത്ത കലാകാരൻമാർ സംസ്കാരത്തിന്റെയും സമാധാനത്തിന്റെയും അംബാസിഡർ മാരാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

*************************************

## PM-RUSSIA

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യൻ സന്ദർശനത്തിന് ഇന്ന് തുടക്കം. റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിന്റെ ക്ഷണ പ്രകാരം പതിനാറാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായാണ് പ്രധാനമന്ത്രി റഷ്യയിൽ എത്തുന്നത്. **"സന്തുലിതമായ ആഗോള വികസനത്തിനായി ബഹുമുഖ ശാക്തീകരണം"** എന്നതാണ് ഇത്തവണത്തെ ബ്രിക്സ് ഉച്ചകോടിയുടെ പ്രമേയം. ഇന്ത്യയ്ക്കും, റഷ്യയ്ക്കും പുറമേ ബ്രസീൽ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളും ഉച്ചകോടിയിൽ പങ്കെടുക്കും . ബ്രിക്സിന്റെ സ്ഥാപക അംഗമെന്ന നിലയിൽ തുടക്കം മുതൽ എല്ലാ പ്രവർത്തനങ്ങളിലും ഇന്ത്യയുടെ പങ്കാളിത്തം ഉണ്ടായിരുന്നെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി ന്യൂഡൽഹിയിൽ പറഞ്ഞു.

(**Byte** മിസ്രി )

സാമ്പത്തിക വളർച്ച, സുസ്ഥിര വികസനം, ആഗോള ഭരണ പരിഷ്കാരങ്ങൾ തുടങ്ങിയ മേഖലകളിൽ ബ്രിക്സിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ ഇന്ത്യ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് വിദേശകാര്യ സെക്രട്ടറി പറഞ്ഞു. സാമ്പത്തിക സഹകരണം, ഊർജം, ഭക്ഷ്യ സുരക്ഷ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ രണ്ടു ദിവസത്തെ ഉച്ചകോടി സഹായകമാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

*************************************

## INDIA- CHINA

കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ നിരീക്ഷണ ക്രമീകരണങ്ങളിൽ ഇന്ത്യയും ചൈനയും ധാരണയിലെത്തിയതായി വിദേശകാര്യ മന്ത്രാലയം. 2020ൽ അതിർത്തി മേഖലയിൽ ആരംഭിച്ച സംഘർഷാന്തരീക്ഷത്തിന് ഇതോടെ അയവ് വരുമെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇരുപക്ഷവും തമ്മിലുള്ള വിശദമായ ചർച്ച തുടരും. റഷ്യൻ സൈന്യത്തിൽ ചേർന്ന 85 ഓളം ഇന്ത്യക്കാർ മടങ്ങിയെത്തിയതായും 20 ഓളം പേർ അവിടെത്തന്നെ തുടരുന്നതായും വിദേശകാര്യ സെക്രട്ടറി പറഞ്ഞു. ഇവരെ എത്രയും വേഗം തിരികെ എത്തിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നതായും അദ്ദേഹം അറിയിച്ചു.

*********************************************

## FAROOQ ABDULLAH

ജമ്മു കാശ്മീരിൽ പാകിസ്ഥാൻ നടത്തുന്ന ഭീകരാക്രമണത്തിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി മുൻ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് പ്രസിഡന്റുമായ ഫാറൂഖ് അബ്ദുള്ള. ഗന്ദർബാൽ ജില്ലയിലെ സോനാമാർഗിലെ ഏഴ് പേരെ ഭീകരർ കൊലപ്പെടുത്തിയതിന് പിന്നാലെയാണ് ഫാറൂഖ് അബ്ദുള്ളയുടെ പ്രതികരണം. ഇന്ത്യയുമായി സൗഹൃദ ബന്ധം പുലർത്തണമെങ്കിൽ ജമ്മു കശ്മീരിലെ ഭീകരാക്രമണങ്ങൾ പാകിസ്ഥാൻ അവസാനിപ്പിക്കേണ്ടി വരുമെന്ന് അദ്ദേഹം വ്യക്തമാക്കി

*********************************************

## JHARKHAND - NOTIFICATION

ഝാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. 38 മണ്ഡലങ്ങളിലേക്ക് നവംബർ 20 നാണ് വോട്ടെടുപ്പ് നടക്കുന്നത്. ഈ മാസം 29-നാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന

തീയതി. 30 ന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടക്കും. നവംബർ ഒന്നാണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. ഝാർഖണ്ഡിൽ നവംബർ 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളായിയാണ് വോട്ടെടുപ്പ് നടക്കുന്നത്. അടുത്ത മാസം 23 നാണ് വോട്ടെണ്ണൽ.

*************************************

## CONG JHARKHAND LIST

ഝാർഖണ്ഡ് നിയമസഭ തിരഞ്ഞെടുപ്പിൽ 21 സ്ഥാനാർത്ഥികളുടെ പട്ടിക കോൺഗ്രസ് പുറത്തിറക്കി. സംസ്ഥാനമന്ത്രി രാമേശ്വർ ഓറൻ ലൊഹാർദാഗ മണ്ഡലത്തിൽ നിന്ന് മത്സരിക്കും. ജംഷഡ്പൂർ ഈസ്റ്റ് സീറ്റിൽ നിന്നാണ് മുതിർന്ന നേതാവ് ഡോ. അജോയ് കുമാർ മത്സരിക്കുന്നത്. കോൺഗ്രസ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റിയാണ് സ്ഥാനാർത്ഥി പട്ടികയ്ക്ക് അന്തിമ അംഗീകാരം നൽകിയത്.

*************************************

## MAHA-NOTIFICATION

മഹാരാഷ്ട്രയിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇന്ന് പുറത്തിറങ്ങും. സംസ്ഥാനത്തെ 288 നിയമസഭാ സീറ്റുകളിലേക്കും നവംബർ 20 ന് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. നന്ദേഡ് ലോക്സഭാ സീറ്റിലേക്കുള്ള ഉപതെരഞ്ഞെടുപ്പും ഇതിനോടൊപ്പം നടക്കും. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 29 ആണ്.

*************************************

## AMIT SHAH-GUJARAT

14-ാമത് അഖിലേന്ത്യ സിവിൽ ഡിഫൻസ് ആന്റ് ഹോം ഗാർഡ് കോൺഫറൻസ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ ഉദ്ഘാടനം ചെയ്യും. ആനന്ദിലെ National Dairy Development Board ന്റെ 60-ാം സ്ഥാപക ദിന ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുക്കും. NDDB യുടെ മൂന്ന്

പുതിയ പദ്ധതികളും ശ്രീ.അമിത് ഷാ ഉദ്ഘാടനം ചെയ്യും. ഗുജറാത്തിലെ എം എൽ എ-മാർക്കായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന അദ്ദേഹം പിന്നീട് സാമാജികരെ അഭിസംബോധന ചെയ്യും.

**********************************

## RAJNATH - INDIA SINGAPORE

ഇന്ത്യ-സിംഗപ്പൂർ പ്രതിരോധ മന്ത്രിമാരുടെ ആറാമത് സംഭാഷണം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സിംഗപ്പൂർ പ്രതിരോധ മന്ത്രി എൻ ജി ഇംഗ് ഹെൻ എന്നിവർ സംഭാഷണത്തിന് സഹ-അധ്യക്ഷത വഹിക്കും. പങ്കാളിത്ത താൽപ്പര്യമുള്ള വിവിധ വിഷയങ്ങളും നേതാക്കൾ ചർച്ച ചെയ്യും. ഇന്തോ-പസഫിക് മേഖലയിലെ സുസ്ഥിരതയുടെ പ്രധാന ഘടകമാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ, സുരക്ഷാ പങ്കാളിത്തമെന്നാണ് പൊതു വിലയിരുത്തൽ.

**********************************

## CGM – BANKS

രാജ്യത്തെ അഞ്ച് ദേശസാൽകൃത ബാങ്കുകളിൽ കൂടി ചീഫ് ജനറൽ മാനേജർ തസ്തിക സൃഷ്ടിക്കുന്നതിന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അനുമതി നൽകി. മഹാരാഷ്ട്ര, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, പഞ്ചാബ് ആൻഡ് സിൻഡ് ബാങ്ക്, UCO ബാങ്ക് തുടങ്ങിയ ബാങ്കുകളിലാണ് പുതിയ തസ്തിക വരുന്നതെന്ന് ധനമന്ത്രാലയം അറിയിച്ചു.

**********************************

## PM JANAUSHADHI

പ്രധാൻ മന്ത്രി ഭാരതീയ ജൻ ഔഷധി പദ്ധതിയിലൂടെ ഈ മാസം 1,000 കോടി രൂപയുടെ വിൽപ്പന എന്ന മികച്ച നേട്ടം കൈവരിച്ചതായി രാസവള മന്ത്രാലയം. ഗുണമേന്മയുള്ളതും മിതവിലയ്ക്കും ലഭിക്കുന്ന മരുന്നുകളിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിച്ചുവരുന്നതിനുള്ള തെളിവാണ് ഈ നേട്ടമെന്നും മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ പത്ത് വർഷത്തിനിടെ ജൻ ഔഷധി കേന്ദ്രങ്ങൾ 170 മടങ്ങ് വളർന്നു. 2014-ൽ 80 ജൻ ഔഷധി ഔട്ട്ലെറ്റുകൾ എന്നത് ഇപ്പോൾ 14,000-ലധികം കേന്ദ്രങ്ങൾ എന്ന നിലയിലേക്ക് ഉയർന്നിട്ടുണ്ടെന്നും കേന്ദ്രം വ്യക്തമാക്കി.

*************************************************

## AVIATION MINISTER-UDAN

വിമാന സർവീസുകളെ പ്രതികൂലമായി ബാധിക്കുന്ന വ്യാജ ഭീഷണികളെ നേരിടുന്നതിന് കേന്ദ്രസർക്കാർ നിയമനിർമാണ സാധ്യതകൾ പരിശോധിക്കുന്നതായി സിവിൽ വ്യോമയാന മന്ത്രി രാം മോഹൻ നായിഡു. വ്യാജഭീഷണികളെ ഗുരുതര കുറ്റകൃത്യമാക്കി മാറ്റുമെന്നും ഇവയെ ഫലപ്രദമായി നേരിടാൻ സുരക്ഷാ സംവിധാനങ്ങൾ വർധിപ്പിക്കുമെന്നും മന്ത്രി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

*************************************************

## ENTE BHOOMI- CM

ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന **'എന്റെ ഭൂമി'** സംയോജിത വെബ് പോർട്ടൽ സംവിധാനത്തിന് ഇന്ന് തുടക്കമാകും. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരം നിശാഗന്ധിയിൽ നിർവഹിക്കും. രാജ്യത്തെ ആദ്യ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ് ഇതോടെ യാഥാർത്ഥ്യമാകുന്നത്.

*******************************************

## ELECTION

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി മുന്നണികൾ. മത്സരചിത്രം തെളിഞ്ഞതിന് പിന്നാലെ വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. മൂന്നിടത്തും വോട്ടർമാരെ നേരിൽ കണ്ടും തിരഞ്ഞെടുപ്പ് കൺവെൻഷനുകളിൽ പങ്കെടുത്തും വോട്ട് ഉറപ്പിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. വെള്ളിയാഴ്ചയാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. അടുത്ത മാസം 13ന് വോട്ടെടുപ്പും 23 ന് വോട്ടെണ്ണലും നടക്കും.

*******************************************

## ELECTION – PRIYANKA GANDHI

കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി നാളെ വയനാട്ടിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കും. കൽപ്പറ്റയിൽ റോഡ്ഷോ നടത്തിയ ശേഷമായിരിക്കും പത്രിക് സമർപ്പണം. കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, ലോകസഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയ പ്രമുഖ നേതാക്കൾ റോഡ് ഷോയിൽ പങ്കെടുക്കും.

*******************************************

## ICC WOMEN TEAM T20

ഐസിസി വനിതാ ട്വന്റി-20 ലോകകപ്പ് 2024 ടൂർണമെന്റ് ടീമിൽ ഇടം നേടി ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ. ഏഴ് രാജ്യങ്ങളിൽ നിന്നുള്ള താരങ്ങൾ ഉൾപ്പെടുന്ന 12 അംഗ ടീമിൽ ഇന്ത്യയിൽ നിന്നുള്ള ഏക താരമാണ് ഹർമൻപ്രീത് കൗർ. ഇക്കഴിഞ്ഞ ട്വന്റി-20

ലോകകപ്പിൽ ഹർമൻപ്രീത് കൗറിന്റെ പ്രകടനം മികച്ചതായിരുന്നു

*******************************************

## ISL

ISL ഫുട്ബോളിൽ ജംഷഡ്പൂർ FC യ്ക്ക് ജയം. ജംഷഡ്പൂരിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ഹൈദരാബാദ് FC യെ തോൽപ്പിച്ചത്.

*******************************************

## IMD CYCLONE(INTRO)

ബംഗാൾ ഉൾക്കടലിൽ നാളെ ചുഴലിക്കാറ്റ് രൂപപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒഡീഷയുടെ തീരദേശ ജില്ലകളിൽ ബുധനാഴ്ച മുതൽ വെള്ളിയാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ മുന്നറിയിപ്പുണ്ട്. ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഡ്, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

**(BYTE IMD)**

ബംഗാൾ ഉൾക്കടലിലെ ചുഴലിക്കാറ്റ് സാധ്യത കണക്കിലെടുത്ത് സ്ഥിതിഗതികൾ നേരിടാൻ ഒഡീഷ, പശ്ചിമബംഗാൾ സർക്കാരുകൾക്ക് എല്ലാ സഹായവും വാഗ്ദാനം ചെയ്ത് കേന്ദ്രം. ദുരന്ത നിവാരണ മുന്നൊരുക്കങ്ങൾ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിലയിരുത്തി. ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട തീവ്ര ചുഴലിക്കാറ്റ് 'ദാന' വ്യാഴാഴ്ചയോടെ ഒഡീഷയിലെ പുരിക്കും സാഗർ ദ്വീപിനും ഇടയിൽ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി. തീരദേശ പ്രദേശങ്ങളിൽ താമസിക്കുന്നവരെ വൻതോതിൽ ഒഴിപ്പിക്കാനുള്ള നടപടികൾ ഒഡീഷ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ദുരന്തനിവാരണ സേനയുടെ വിവിധ സംഘങ്ങളെയും തീരദേശ ജില്ലകളിൽ വിന്യസിക്കും.

സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും തുറന്നു.

****************************************

## AMARAVATI DRONE SUMMIT

രണ്ട് ദിവസത്തെ അമരാവതി ഡ്രോൺ ഉച്ചകോടിക്ക് ഇന്ന് ആന്ധ്രാപ്രദേശിൽ തുടക്കമാകും. മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു, കേന്ദ്ര വ്യോമയാന മന്ത്രി കെ റാം മോഹൻ നായിഡു എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. ആന്ധ്രാപ്രദേശ് ഡ്രോൺ കോർപ്പറേഷൻ സംഘടിപ്പിക്കുന്ന പരിപാടിയിൽ 1000 ത്തിലധികം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

****************************************************************************************************

********************************************